**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 837** **06-10-2021 - ൽ മറുപടിയ്ക്ക്**

**നൂറ് ദിന കർമ്മപദ്ധതിയുടെ ഭാഗമായി എസ്.സി./എസ്.ടി. വകുപ്പിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ഈ സർക്കാരിന്റെ നൂറ് ദിന കർമ്മപദ്ധതിയുടെ ഭാഗമായി എസ്സ് .സി/എസ്സ് .ടി വകുപ്പിൽ വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളും നാളിതുവരെയുള്ള പുരോഗതിയും ചുവടെ ചേർക്കുന്നു. പട്ടികജാതി വികസന വകുപ്പ് (1) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠന സഹായത്തിനായി പഠനമുറി നിർമ്മാണം, വൈദ്യുതീകരണം, ആവശ്യമായ ഫർണിച്ചറുകൾ ഉൾപ്പെടെ 1000 പഠന മുറികളുടെ പൂർത്തീകരണം. ഇവയിൽ 1752 പഠനമുറികൾ പൂർത്തീകരിക്കുവാൻ സാധിച്ചു. (2) പൂർത്തീകരിക്കാതെ കിടക്കുന്ന 1000 വീടുകളുടെ പൂർത്തീകരണം. നിലവിലുള്ള പദ്ധതികളിൽ ടാർജറ്റ് നിശ്ചയിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 1188 പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുവാൻ സാധിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പ് 1) ഹരിതരശ്മി ''നിറവല്ലം'' (കൃഷി) വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ പട്ടികവർഗ്ഗ കർഷകരെ സംഘടിപ്പിച്ച്, കൃഷി അവർക്ക് സുസ്ഥിരമായ ജീവനോപാധിയാക്കി മാറ്റുന്നതിനുള്ള വിശാലമായ പദ്ധതിയാണ് 'ഹരിതരശ്മി'. ഈ പദ്ധതിയുടെ ഭാഗമായി വിത്തുകളും തൈകളും കർഷകർക്ക് നൽകി വിളവെടുക്കുന്ന പരിപാടിയാണ് 'നിറവല്ലം'. വയനാട് ജില്ലയിൽ 1500 പേർക്കും, ഇടുക്കി ജില്ലയിൽ 1000 പേർക്കും ഉൾപ്പടെ 2500 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. 2) ആറളം ഫാം നവീകരണം കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ആറളം ഫാമിംഗ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ഫാമിന്റെ പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി പൂർത്തീകരിച്ച കാർഷിക പ്രവർത്തനങ്ങളുടെ ആദ്യഘട്ടം ചുവടെ പരാമർ ശിച്ച രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. നഴ്സറി വിപുലീകരണം. |

| | | | |
|---|---|---|---|
| | | | അലങ്കാര ചെടി തോട്ടം സ്ഥാപിക്കൽ യന്ത്രവത്ക്കരണം വിപണനസ്ഥലം ഒരുക്കൽ മഞ്ഞൾ കൃഷി നടപ്പിലാക്കൽ മത്സ്യകൃഷി 3) പട്ടികവർഗ്ഗക്കാരുടെ സാമൂഹിക- സാമ്പത്തിക സർവ്വേ റിപ്പോർട്ട് പ്രസിദ്ധീകരണം പട്ടികവർഗ്ഗ വിഭാഗക്കാരുടെ വ്യക്തിയ ധിഷ്ഠിത, കുടുംബാധിഷ്ഠിത, ഊരധിഷ്ഠിതമായ വ്യത്യസ്ത വിവരങ്ങൾ വകുപ്പിലെ പ്രൊമോട്ടർമാരെ ഉപയോഗിച്ച് ശേഖരിച്ച് മെർജിയോസ് ഐ.ടി. സൊല്യൂഷൻസ് എന്ന സ്റ്റാർട്ടപ്പിന്റെ സാങ്കേതിക സഹായത്തോടെ സർവ്വെ അനുബന്ധ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഓരോ പദ്ധതിയും എത്രത്തോളം പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നതിന്റെ വിശദാംശങ്ങൾ പദ്ധതി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (ബി) | ഈ സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളും നാളിതുവരെയുള്ള പുരോഗതിയും ചുവടെ ചേർക്കുന്നു. പട്ടികജാതി വികസന വകുപ്പ് (1) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠന സഹായത്തിനായി പഠനമുറി നിർമ്മാണം, വൈദ്യുതീകരണം, ആവശ്യമായ ഫർണിച്ചറുകൾ ഉൾപ്പടെ 1000 പഠന മുറികളുടെ പൂർത്തീകരണം. ഇവയിൽ 1752 പഠനമുറികൾ പൂർത്തീകരിക്കുവാൻ സാധിച്ചു. (2) പൂർത്തീകരിക്കാതെ കിടക്കുന്ന 1000 വീട്ടുകളുടെ പൂർത്തീകരണം. നിലവിലുള്ള പദ്ധതികളിൽ ടാർജറ്റ് നിശ്ചയിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 1188 പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുവാൻ സാധിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പ് 1) ഹരിതരശ്മി ''നിറവല്ലം'' (കൃഷി) വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ പട്ടികവർഗ്ഗ കർഷകരെ സംഘടിപ്പിച്ച്, കൃഷി അവർക്ക് സുസ്ഥിരമായ ജീവനോപാധിയാക്കി മാറ്റുന്നതിനുള്ള വിശാലമായ പദ്ധതിയാണ് 'ഹരിതരശ്മി'. ഈ പദ്ധതിയുടെ ഭാഗമായി വിത്തുകളും തൈകളും കർഷകർക്ക് നൽകി വിളവെടുക്കുന്ന പരിപാടിയാണ് 'നിറവല്ലം'. വയനാട് ജില്ലയിൽ 1500 പേർക്കും, ഇടുക്കി ജില്ലയിൽ 1000 പേർക്കും ഉൾപ്പടെ 2500 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. 2) ആറളം ഫാം നവീകരണം കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ആറളം ഫാമിംഗ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ഫാമിന്റെ പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി പൂർത്തീകരിച്ച കാർഷിക പ്രവർത്തനങ്ങളുടെ ആദ്യഘട്ടം ചുവടെ പരാമർ ശിച്ച രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. നഴ്സറി വിപുലീകരണം. അലങ്കാര ചെടി തോട്ടം സ്ഥാപിക്കൽ യന്ത്രവത്ക്കരണം വിപണനസ്ഥലം ഒരുക്കൽ |

| | | | |
|---|---|---|---|
| | | | മഞ്ഞൾ കൃഷി നടപ്പിലാക്കൽ മത്സ്യകൃഷി 3) പട്ടികവർഗ്ഗക്കാരുടെ സാമൂഹിക- സാമ്പത്തിക സർവ്വേ റിപ്പോർട്ട് പ്രസിദ്ധീകരണം പട്ടികവർഗ്ഗ വിഭാഗക്കാരുടെ വ്യക്തിയ ധിഷ്ഠിത, കുടുംബാധിഷ്ഠിത, ഊരധിഷ്ഠിതമായ വ്യത്യസ്ത വിവരങ്ങൾ വകുപ്പിലെ പ്രൊമോട്ടർമാരെ ഉപയോഗിച്ച് ശേഖരിച്ച് മെർജിയോസ് ഐ.ടി. സൊല്യൂഷൻസ് എന്ന സ്റ്റാർട്ടപ്പിന്റെ സാങ്കേതിക സഹായത്തോടെ സർവ്വെ അനുബന്ധ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികളിൽ ഏതെങ്കിലും നൂറ് ദിന കർമ്മ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരുന്നോ; എങ്കിൽ പദ്ധതി തിരിച്ചു വിശദാംശങ്ങൾ നൽകാമോ; ടി പദ്ധതികൾ എത്രത്തോളം ലക്ഷ്യം കണ്ടുവെന്നും വ്യക്തമാക്കാമോ? | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാ ക്കിയ നൂറ് ദിന കർമ്മ പദ്ധതികളിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ ഒന്നും പൂർത്തീകരി ക്കാൻ അവശേഷിക്കുന്നില്ല. പട്ടികവർഗ്ഗ വികസന വകുപ്പിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പട്ടിക വർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക സർവ്വെ എന്ന പദ്ധതി അടിസ്ഥാന വിവര ശേഖരണം പൂർത്തീകരണ ഘട്ടത്തിലായിരുന്നു. ടി പദ്ധതി ഈ സർക്കാരിന്റെ കാലത്ത് നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരുന്നു. ആയതിന്റെ റിപ്പോർട്ട് തയ്യാറാ ക്കുന്നതിനായി കേരള സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിനെയാണ് ചുമതലപ്പെടുത്തിയിട്ടു ള്ളത്. അതിന്റെ അവസാനഘട്ട ജോലികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ